LIBRARY ARCHIVES Kerala Legislative Assembly

ബധിരർക്കും മൂകർക്കും സംവരണ ആനുകൂല്യം

22 (3653) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വികലാംഗ വിഭാഗത്തിലെ ബധിരർക്കും മൂകർക്കും എൽ.ഡി.സി. അടക്കമുള്ള ജോലികളിൽ സംവരണ ആനുകൂല്യം ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് നിയമനം ലഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) ബധിരർക്കും മൂകർക്കും അർഹമായ പ്രാതിനിധ്യത്തിൽ ജോലി ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി&സി) ബാധകമല്ല.

ഇൻഫർമേഷൻ കേരള മിഷനിലെ ജീവനക്കാരുടെ പ്രശ്നങ്ങൾ

23 (3654) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻഫർമേഷൻ കേരള മിഷനിലെ ജീവനക്കാരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഈ യോഗത്തിൽ പങ്കെടുത്തവർ ആരെല്ലാം ;

(ബി) യോഗത്തിന്റെ തീരുമാനങ്ങൾ എന്തൊക്കെയാണ്;

(സി) ഇവയിൽ ഏതൊക്കെ തീരുമാനങ്ങൾ നടപ്പിൽ വരുത്തി ;

(ഡി) ഓരോ തീരുമാനങ്ങളും നടപ്പിലാക്കുന്നതിനായി സ്വീകരിച്ച നടപടി വിശദീകരിക്കുമോ ;

(ഇ) യോഗത്തിന്റെ തീരുമാനങ്ങൾ അടിയന്തരമായി നടപ്പിൽ വരുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. യോഗത്തിൽ പങ്കെടുത്തവരുടെ വിവരങ്ങളും യോഗ തീരുമാനങ്ങളും അനുബന്ധമായി ചേർക്കുന്നു.*

(സി) പ്രസ്തുത തീരുമാനങ്ങളൊന്നും തന്നെ നടപ്പിലാക്കിയിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി&ഇ) 1. ഇൻഫർമേഷൻ കേരള മിഷൻ ജീവനക്കാർക്ക് അപ്ഗ്രെഡേഷൻ നൽകിയപ്പോൾ 5% ഫിറ്റ്മെന്റ് ബെനിഫിറ്റ് അനുവദിച്ച നടപടി സാധൂകരിക്കുന്ന തുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞപ്പോൾ ആയത് പരിഗണിക്കേണ്ടതില്ല എന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച ഫയൽ സമർപ്പണത്തിലാണ്.

2. ഇൻഫർമേഷൻ കേരള മിഷന് ലഭിക്കേണ്ട മെമ്പർഷിപ്പ് ഫീ പിരിച്ചെടുക്കുന്നത് സംബന്ധിച്ച നടപടികൾ സ്വീകരിച്ചു വരുന്നതേയുള്ളൂ. ആയത് പിരിച്ചെടുത്തുകഴിഞ്ഞാൽ മാത്രമേ 92.08 കോടി രൂപ ഇൻഫർമേഷൻ കേരള മിഷനിൽതന്നെ നിലനിർത്തുന്നതിനും പ്രസ്തുത തുക 10 വാർഷിക ഗഡുക്കളായി സർക്കാരിലേക്ക് തിരിച്ചടയ്ക്കുന്നതിന് സാവകാശം നൽകുന്നതിനുള്ള പ്രൊപ്പോസൽ മന്ത്രിസഭാ യോഗത്തിനു മുമ്പാകെ സമർപ്പിക്കാൻ സാധിക്കുകയുള്ളൂ.

3. ഇൻഫർമേഷൻ കേരള മിഷന്റെ റീസ്ട്രക്ചറിംഗുമായി ബന്ധപ്പെട്ട് പഠനം നടത്തുന്നതിനായി രൂപീകരിച്ച കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ടി റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരികയാണ്. ടി റിപ്പോർട്ട് അംഗീകരിച്ചതിനുശേഷം മാത്രമേ ടെക്നിക്കൽ ഡയറക്ടർ, ഇംപ്ലിമെന്റേഷൻ ഡയറക്ടർ എന്നീ തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച് തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ.

പൊതുഭരണത്തിൽ വ്യക്തിഗത പ്രവർത്തനം വിലയിരുത്തൽ

24 (3655) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുഭരണത്തിൽ വ്യക്തിഗത പ്രവർത്തനം വിലയിരുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ ;

(ബി) ആയതിന് ന്യായവും വിശ്വസ്തവുമായ മാനദണ്ഡം ആവിഷ്കരിക്കുന്ന കാര്യം ആലോചിക്കുമോ; വ്യക്തമാക്കുമോ ;

(സി) എങ്കിൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly